(ii) രേഖാമൂലം നല്കിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാക്കേണ്ട രേഖ

4 [*233] ശ്രീ. ടി. പി. എം. സാഹിർ :

,, പി. കെ. കെ. ബാവ :

,, പെർക്കളം അബ്ദുള്ള :

,, ഇസ്ഹാക് കുരിക്കൾ :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ മേൽവിലാസത്തിൽ മാറ്റം വരുമ്പോൾ അവരുടെ രജിസ്ട്രേഷനിലും മേൽവിലാസത്തിലും മാറ്റം വരുത്തുന്നതിന് ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമാണ് ;

(ബി) ഇക്കാര്യത്തിന് ഇലക്ടറൽ ഐഡന്റിറ്റി കാർഡ് ഹാജരാക്കുവാൻ ആവശ്യപ്പെടുന്നത് ഉദ്യോഗാർത്ഥികളെ ബുദ്ധിമുട്ടിക്കുന്നുവെന്നതിനാൽ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റോ, റേഷൻകാർഡോ ആധാരമാക്കുന്നതിന് നിർദ്ദേശം നൽകുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനും രജിസ്ട്രേഷൻ രേഖകളിലെ മേൽവിലാസത്തിൽ മാറ്റം വരുത്തുന്നതിനും താഴെപ്പറയുന്ന ഏതെങ്കിലും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാവുന്നതാണ്:

1. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.
2. സ്കൂൾ, കോളേജ് സർട്ടിഫിക്കറ്റുകൾ.
3. ഭാര്യയുടെ/ഭർത്താവിന്റെ/അച്ഛന്റെ/അമ്മയുടെ മേൽവിലാസം പുതിയ സ്ഥലത്താണ് എന്ന് കാണിക്കുന്ന വിദ്യാലയ സർട്ടിഫിക്കറ്റ്/നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.
4. തനിച്ച്/ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ എന്നിവർക്ക് പുതിയ സ്ഥലത്ത് സ്ഥാവര സ്വത്തുക്കൾ ഉണ്ടെന്ന് കാണിക്കുന്ന റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റ് അഥവാ ആധാരം.
5. ഭർത്താവ്/ഭാര്യ/അച്ഛൻ/അമ്മ ഇവരിലാരെങ്കിലും സർക്കാർ/അർദ്ധസർക്കാർ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജോലിയിൽ സ്ഥലംമാറി വന്നതാണെങ്കിൽ അവരുടെ മേലധികാരി സാക്ഷ്യപ്പെടുത്തിയ അപേക്ഷ.

LIBRARY ARCHIVES Kerala Legislative Assembly

6. അച്ഛൻ/അമ്മ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് പെൻഷനായി പുതിയ സ്ഥലത്ത് സ്ഥിരതാമസത്തിന് വന്നിട്ടുള്ളതാണെങ്കിൽ പെൻഷൻ ബുക്കിന്റെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പ് സഹിതം പെൻഷനായി ഒരുവർഷത്തിനകം നല്കുന്ന അപേക്ഷ.
7. പാസ്പോർട്ട്
8. ഡ്രൈവിംഗ് ലൈസൻസ്
9. വോട്ടറുടെ തിരിച്ചറിയൽ കാർഡ്
10. ഇലക്ട്രിസിറ്റി ബിൽ
11. ഇൻകംടാക്സ് ഐഡന്റിറ്റി കാർഡ്
12. ടെലിഫോൺ ബിൽ
13. ഏതെങ്കിലും അധികാരികൾ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്
14. ശ്രീചിത്രാഹോമിലെ അന്തേവാസിയാണ് എന്നതിന് പ്രസ്തുത സ്ഥാപനത്തിന്റെ സൂപ്രണ്ട് നൽകുന്ന സർട്ടിഫിക്കറ്റ്
15. വില്ലേജ് ഓഫീസർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
16. തഹസീൽദാരിൽ നിന്നും ലഭിക്കുന്ന ക്രീമിലെയർ സർട്ടിഫിക്കറ്റ്
17. ശ്രീചിത്രാഹോം പോലെ സമാനസ്വഭാവമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രസ്തുത സ്ഥാപനത്തിന്റെ സൂപ്രണ്ട് നൽകുന്ന സർട്ടിഫിക്കറ്റ്.

(ബി) ഇലക്ടറൽ കാർഡ് മുകളിൽ പറഞ്ഞിട്ടുള്ള 17 രേഖകളിൽ ഒന്നുമാത്രമാണ്. ഇലക്ടറൽ കാർഡ് ഹാജരാക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നവർക്ക് ഇതര രേഖകളിൽ ഏതെങ്കിലും ഹാജരാക്കാവുന്നതാണ്. വില്ലേജ് ഓഫീസർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് മുകളിൽ പറഞ്ഞ 17 ഇനങ്ങളിൽ ഉൾപ്പെടുന്നതാണ്. കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം റേഷൻ കാർഡ് ഐഡന്റിറ്റി കാർഡായി അംഗീകരിക്കേണ്ടതില്ലെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കെൽട്രോൺ പ്രതിരോധവകുപ്പിന് കൈമാറാൻ നടപടി

5 [*234] ശ്രീ. വി. ജെ. പൗലോസ് :
,, എം. എ. വാഹിദ് :
,, എം. മുരളി :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോൺ പ്രതിരോധ വകുപ്പിന് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തടിസ്ഥാനത്തിലെന്ന് പറയുമോ;

2/2312/12

LIBRARY ARCHIVES Kerala Legislative Assembly